# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *162 05.12.2018-ൽ മറുപടിക്ക്

## ശബരിമല തീർത്ഥാടകർക്കുള്ള നിയന്ത്രണങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.എസ്. ശിവകുമാർ<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. കെ.എസ്. ശബരീനാഥൻ<br>ശ്രീ. അനൂപ് ജേക്കബ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ശബരിമല തീർത്ഥാടകരുടെ മേൽ ഓരോ ദിവസവും പോലീസ് ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങൾ ഈ വർഷത്തെ മണ്ഡലകാലത്തെ തീർത്ഥാടകർക്ക് വളരെയധികം ബുദ്ധിമുട്ട് ഉണ്ടാക്കുന്നു എന്നത് വസ്തുതയാണോ; | (എ) തീർത്ഥാടകരുടെ സുരക്ഷയ്ക്കും സുഗമമായ തീർത്ഥാടനത്തിനും ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ തീർത്ഥാടകർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഏതൊക്കെ നിയന്ത്രണങ്ങളാണ് പോലീസ് നിലയ്ക്കലും പമ്പയിലും സന്നിധാനത്തും ഏർപ്പെടുത്തിയിട്ടുള്ളത്; പ്രസ്തുത നിയന്ത്രണങ്ങൾ നീക്കണമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് ആവശ്യപ്പെട്ടിട്ടുണ്ടോ; | (ബി) പ്രളയാനന്തരം പമ്പയിലുണ്ടായ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മൂലം നിലയ്ക്കൽ, ശബരിമലയുടെ അടിസ്ഥാന ക്യാമ്പായതിനെ തുടർന്ന് പമ്പയിലേയ്ക്കുള്ള അയ്യപ്പഭക്തരുടെ വാഹനങ്ങൾക്ക് നിലയ്ക്കൽവരെ മാത്രമേ പ്രവേശനം അനുവദിച്ചിട്ടുള്ളൂ. ഭക്തരുടെ വാഹനങ്ങൾ നിലയ്ക്കലിലെ പാർക്കിംഗ് മേഖലയിൽ പാർക്ക് ചെയ്ത ശേഷം അവിടെ നിന്നും കെ.എസ്.ആർ.ടി.സി. ബസിൽ ഭക്തരെ എത്തിക്കുന്നതിനായിട്ടുള്ള |

ക്രമീകരണങ്ങൾ
കെ.എസ്.ആർ.ടി.സി-യും ദേവസ്വം ബോർഡും പോലീസുമായി ചേർന്ന് ഏർപ്പെടുത്തിയിട്ടുണ്ട്.

ശബരിമലയിൽ ഭക്തരുടെ സുഗമമായ ദർശനത്തിനായി പോലീസിന്റെ ഭാഗത്ത് നിന്നും ശക്തമായ സുരക്ഷാ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ശബരിമല സന്നിധാനത്ത് തീർത്ഥാടകരെന്ന വ്യാജേന നടത്തുന്ന സമരപരിപാടികൾ നിയന്ത്രിക്കുന്നതിനും, വിശ്വാസികൾക്ക് സംരക്ഷണം നൽകുന്നതിനും മതിയായ പോലീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംശയകരമായ സാഹചര്യത്തിൽ കാണുന്നവരെ നിരീക്ഷണം നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

ശബരിമലയിൽ പോലീസ് ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ നീക്കണമെന്ന് ദേവസ്വം ബോർഡ് ആവശ്യപ്പെട്ടിട്ടില്ല.

(സി) ഇരുമുടിക്കെട്ടുമായി എത്തുന്ന ഭക്തരെ പോലീസ് തടയുന്നതും സന്നിധാനത്ത് നാമജപം നടത്തുന്നവരെ അറസ്റ്റ് ചെയ്യുന്നതുമായ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ;

(സി) ഇല്ല. എന്നാൽ യഥാർത്ഥ അയ്യപ്പഭക്തന്മാരെന്നു നടിച്ച് ശബരിമലയിൽ ഇരുമുടിക്കെട്ടുമായി എത്തി സ്ത്രീകളെ തടഞ്ഞതിനും സംഘർഷഭരിതമായ അന്തരീക്ഷം സൃഷ്ടിച്ച് സമാധാന ലംഘനത്തിലേർപ്പെട്ടവരെയും പോലീസിന്റെ നിയമപരമായ നിർദ്ദേശം പാലിക്കാതിരുന്ന അക്രമികളായ ആൾക്കാരെയും അറസ്റ്റ് ചെയ്തു നീക്കം ചെയ്ത് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

| | |
|---|---|
| (ഡി) മാളികപ്പുറത്ത് ഡ്യൂട്ടിയിലുള്ള പോലീസുകാർ ബൂട്ട് ധരിച്ച് പ്രവേശിച്ചതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) ശബരിമലയിൽ പോലീസ് രാജ് ഏർപ്പെടുത്തി അവിടെ എത്തുന്ന ഭക്തരുടെ എണ്ണം കുറയ്ക്കുന്നതിനും അതിലൂടെ ശബരിമലയെ തകർക്കുന്നതിനും ഇടയാക്കുന്നതായി ആക്ഷേപമുള്ള നടപടികളിൽ നിന്നും സർക്കാർ പിൻവാങ്ങുമോ എന്ന് വെളിപ്പെടുത്താമോ? | (ഇ) ഇത്തരമൊരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശബരിമല സംരക്ഷിക്കുന്നതിനും ഭക്തരുടെ സുരക്ഷയ്ക്കും, സുഗമമായ തീർത്ഥാടനത്തിനുമാണ് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**

# വിശദീകരണക്കുറിപ്പ്

ശബരിമലയിൽ യുവതികൾക്ക് പ്രവേശനം നിഷേധിക്കുന്നത് ചോദ്യം ചെയ്ത് ഇന്ത്യൻ യങ് ലോയേഴ്സ് അസോസിയേഷൻ സമർപ്പിച്ച WP(C)373/2006 നമ്പർ കേസിൽ 28.09.2018-ൽ ബഹു. സുപ്രീംകോടതി ശബരിമലയിൽ പ്രായഭേദമന്യേ സ്ത്രീ പ്രവേശനം അനുവദിച്ചുകൊണ്ട് അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത വിധി ഇന്ത്യയിലെ പൊതു സമൂഹം പരക്കെ സ്വാഗതം ചെയ്യപ്പെട്ട ഒന്നാണ്. എന്നാൽ ബഹു. സുപ്രീംകോടതിവിധിയെക്കുറിച്ച് സംസ്ഥാനത്തെ സാധാരണ ജനങ്ങളുടെ ഇടയിൽ ആശങ്കയും, കാലുഷ്യവും, വിദ്വേഷവും കുത്തിവെയ്ക്കുന്ന രീതിയിലേക്ക് സംഘടിതമായി ഒരുകൂട്ടം ആൾക്കാർ സാമൂഹ്യമാധ്യമങ്ങൾ ഉൾപ്പെടെയുള്ളവ ഉപയോഗിച്ച് വ്യാജ പ്രചാരണം തന്നെ നടത്തി ശബരിമലയിലും, സംസ്ഥാനത്തിന്റെ മറ്റ് സ്ഥലങ്ങളിലും സംഘർഷഭരിതമാക്കാൻ ശ്രമിച്ചിട്ടുണ്ട്. സ്ത്രീ പ്രവേശനം അനുവദിച്ചുകൊണ്ടുള്ള സുപ്രീംകോടതിവിധിക്കെതിരെ വസ്തുതാ വിരുദ്ധമായ കാര്യങ്ങൾ പ്രചരിപ്പിച്ച് സമൂഹത്തെ തെറ്റിദ്ധരിപ്പിച്ചും, മതവികാരം ഇളക്കിവിട്ടും സംസ്ഥാനത്ത് കലാപമുണ്ടാക്കാനാണ് ഒരു കൂട്ടർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ശബരിമലയിലും, പമ്പയിലും, നിലയ്ക്കലും, ഇലവുങ്കലും ക്രിമിനൽ നടപടിക്രമം 144-ാം വകുപ്പ് പ്രകാരം പത്തനംതിട്ട ജില്ലാ മജിസ്ട്രേറ്റ് (ജില്ലാ കളക്ടർ) നിരോധനാജ്ഞ പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നിരോധനാജ്ഞയിൽ ശബരിമല ദർശനത്തിന് എത്തുന്ന തീർത്ഥാടകർക്ക് സമാധാനപരമായ ദർശനം, അവരുടെ വാഹനങ്ങളുടെ സുഗമമായ സഞ്ചാരം എന്നിവ ഒഴിവാക്കിയിരിക്കുന്നു. ഭക്തർക്ക് ഒറ്റയ്ക്കോ സംഘമായോ ദർശനത്തിന് എത്തുന്നതിനോ ശരണം വിളിക്കുന്നതിനോ ഈ ഉത്തരവ് മൂലം യാതൊരു തടസ്സവും ഇല്ലാതിരിക്കുന്നതാണ്.

ശബരിമലയിൽ ഭക്തരുടെ സുഗമമായ ദർശനത്തിനായി പോലീസിന്റെ ഭാഗത്ത് നിന്നും ശക്തമായ സുരക്ഷാ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ശബരിമല സന്നിധാനത്ത് ആചാര ലംഘനത്തിനെതിരെ ഭക്തർ എന്ന വ്യാജേന നടത്തുന്ന സമര പരിപാടികളും ഇത്തരക്കാരുടെ ആക്രമണങ്ങളും നിയന്ത്രിക്കുന്നതിനും വിശ്വാസികൾക്ക് സംരക്ഷണം നൽകുന്നതിനും മതിയായ പോലീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.